# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2940 — 11/12/2014 ൽ മറുപടിക്ക്

### ആർ.എം.എസ്.എ പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് ആർ.എം.എസ്.എ പദ്ധതി പ്രകാരം എത്ര ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ആർ.എം.എസ്.എ പദ്ധതി പ്രകാരം 111 സ്കൂളുക ളാണ് പ്രവർത്തിക്കുന്നത്<br>തിരുവനന്തപുരം6, കൊല്ലം3, പത്തനംതിട്ട-ഇല്ല, ആലപ്പുഴ-2, കോട്ടയം-5, ഇടുക്കി-15, എറണാകുളം-7, പാലക്കാട്-19, മലപ്പുറം-8, കോഴിക്കോട്-6, വയനാട്-14, കണ്ണൂർ-9, കാസറഗോഡ്-17. |
| (ബി) | ഈ സ്കൂളുകളിലെ അധ്യാപകർ സ്ഥിരം ജീവനക്കാരാണോ, താൽക്കാലിക ജീവനക്കാരാണോ; വിശദമാക്കാമോ; | (ബി) | 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിലും 2010-11 വർഷം അപ്ഗ്രേഡ് ചെയ്ത 36 സ്കൂളുകളിലും സ്ഥിരം തസ്തികകളാണ് നിലവിലുള്ളത്. എന്നാൽ ഈ സ്കൂളുകളിൽ സ്ഥിരം ജീവനക്കാരും താല്ക്കാലിക ജീവനക്കാരും ജോലി ചെയ്തു വരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>സ്ഥിരാദ്ധ്യാപകർ - 411<br>താൽക്കാലികാദ്ധ്യാപകർ- 211<br>2011-12 വർഷം അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഈ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകർ അദ്ധ്യാപനം നടത്തിവരുന്നു. |
| സി) | ആർ.എം.എസ്.എ സ്കൂളുകളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | സി) | ആർ.എം.എസ്.എ സ്കൂളുകളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ